## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4571 | | | 21.03.2018-ൽ മറുപടി നൽകേണ്ടിരുന്നത് |
|---|---|---|---|
| **നൂറ് ശതമാനം ഭിന്നശേഷിക്കാരായവരുടെ പ്രതിമാസ പെൻഷൻ തുക വർദ്ധിപ്പിക്കാമെന്ന സർക്കാർ പ്രഖ്യാപനം** | | | |
| **ചോദ്യം** | | | **ഉത്തരം** |
| **ശ്രീ.ഷാഫി പറമ്പിൽ** | | | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** |
| (എ) | നൂറ് ശതമാനം ഭിന്നശേഷിക്കാരായവരുടെ പ്രതിമാസ പെൻഷൻ തുക ഇരുന്നൂറ് രൂപാ വർദ്ധിപ്പിക്കാമെന്ന സർക്കാർ പ്രഖ്യാപനത്തിന്റെ നടപടി ക്രമങ്ങൾ വിശദമാക്കാമോ; | (എ) | 80 ശതമാനമോ അതിലധികമോ വൈകല്യമുള്ളവർക്ക് വികലാംഗ പെൻഷൻ 200 രൂപ വർദ്ധനവ് നൽകി പ്രതിമാസ പെൻഷൻ 1300 രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് 21/02/2018 -ാം തീയതിയിലെ സ.ഉ.(എം.എസ്) നം.61/2018/ധന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | വികലാംഗ പെൻഷൻ വാങ്ങുന്നവർക്ക് മറ്റൊരു ക്ഷേമ പെൻഷൻ കൂടി വാങ്ങാമെന്ന ഉത്തരവുണ്ടെങ്കിലും ഇതുവരെ അത് പ്രാബല്യത്തിൽ വന്നിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച നടപടി ക്രമങ്ങൾ വിശദമാക്കാമോ? | (ബി) | സാമൂഹ്യ സുരക്ഷാ പെൻഷൻ ക്രമപ്പെടുത്തുന്നതിലേയ്ക്ക് പുറപ്പെടുവിച്ച 21/01/2017 തീയതിയിലെ സ.ഉ.(എം.എസ്) നം.34/2017/ധന ഉത്തരവിൽ ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ ഗുണഭോക്താക്കൾക്ക് ഒരു പെൻഷൻ കൂടി അനുവദിക്കുന്നതാണെന്ന് വ്യക്തമാക്കിയിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവ് പരിഷ്കരിച്ച് പുറപ്പെടുവിച്ച 06/02/2017 തീയതിയിലെ സ.ഉ.(എം.എസ്) നം.67/2017/ധന ഉത്തരവ് പ്രകാരം ഒരാൾക്ക് ഒരു പെൻഷൻ മാത്രമേ അർഹതയുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അത് പ്രകാരം 06/02/2017 ന് മുമ്പ് രണ്ട് പെൻഷൻ ലഭിച്ചുകൊണ്ടിരുന്നവർക്ക് ഒരു പെൻഷൻ ഉയർന്ന നിരക്കിലും രണ്ടാമത്തെ പെൻഷൻ 600 രൂപ നിരക്കിലും ലഭിക്കുന്നതാണ്. എന്നാൽ 06/02/2017 മുതൽ പെൻഷൻ അനുവദിക്കുന്നവർക്ക് ഒരാൾക്ക് ഒരു പെൻഷന് മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ